പരീക്ഷ കഴിഞ്ഞ് ഒന്നര മുതൽ മൂന്ന് മാസത്തിനുള്ളിൽ സർവ്വകലാശാല സാധാരണയായി മൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ പുനർമൂല്യനിർണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. അതിന്റെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകാത്ത പരീക്ഷകർക്ക് പിഴ ചുമത്താൻ തീരുമാനമെടുത്തിരുന്നു.
- മൂല്യനിർണ്ണയത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തുന്ന പരീക്ഷകർക്കും പിഴ ചുമത്തുന്നു (5,000 രൂപയാണ് പിഴ ഈടാക്കുന്നത്).

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തൽ**

128 (2848) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

100 ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Lets go digital" എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ കൗൺസിലിന്റെ വെബ് പോർട്ടലിൽ

LIBRARY ARCHIVES Kerala Legislative Assembly

"ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാതെ വന്നിട്ടുള്ള സ്റ്റഡി ടൂർ, ടീച്ചിംഗ് പ്രാക്ടീസ് മുതലായവയ്ക്ക് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി കോഴ്സ് പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കി നൽകിയിട്ടുണ്ട്. ഡോ. എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ പഠന പ്രക്രിയ ഓൺലൈൻവഴി നടപ്പിലാക്കിയ സാഹചര്യത്തിൽ ഡിജിറ്റൽ ലേണിംഗ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് തങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിജിറ്റൽ സൗകര്യങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ സർവ്വകലാശാലതന്നെ അതിനുള്ള സൗകര്യം ചെയ്തു നൽകുകയുണ്ടായി. അക്കാദമിക് പ്രവർത്തനങ്ങളിലും പരീക്ഷ നടത്തിപ്പിലുമുള്ള പരാതികൾ പരിഹരിക്കുന്നതിനായി കോവിഡ് ഹെൽപ് ലൈൻ സേവനവും നടപ്പിലാക്കി.

(ബി) യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർക്കാരിന് മുൻപിൽ വിദ്യാർത്ഥി സമൂഹം സമർപ്പിച്ചിരുന്നോ?

പരീക്ഷകൾ ഓൺലൈനായി നടത്തണമെന്ന് ഒരു വിഭാഗം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്നു.

(സി) എങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാൻ വിസമ്മതിച്ചതിന് കാരണം വിശദമാക്കാമോ;

&

(ഡി) യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താനുള്ള പ്രതിബന്ധങ്ങൾ എന്താണെന്ന് അറിയിക്കാമോ?

(സി & ഡി) കോവിഡ് സാഹചര്യത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുന്നതിനും ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly